# ദൈവത്തിനു നന്ദി അർപ്പിക്കുക

**1 ശമുവേൽ 2:1**

‘‘അനന്തരം ഹന്നാ പ്രാർത്ഥിച്ചു പറഞ്ഞതെന്തെന്നാൽ: എന്റെ ഹൃദയം യഹോവയിൽ ആനന്ദിക്കുന്നു; എന്റെ കൊമ്പു യഹോവയാൽ ഉയർന്നിരിക്കുന്നു; എന്റെ വായ് ശത്രുക്കളുടെ നേരെ വിശാലമാകുന്നു; നിന്റെ രക്ഷയിൽ ഞാൻ സന്തോഷിക്കുന്നു’’.

ഹൃദയം നിറഞ്ഞു കവിഞ്ഞ് സ്തുതിയും സ്തോത്രവും കരേറ്റികൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ‘ഹന്നാ’യുടെ മനോഭാവമാണ് ഈ വചനഭാഗത്ത് നമുക്ക് കാണാൻ കഴിയുന്നത്. മച്ചിയായിരുന്ന ഹന്നായുടെ മനോവ്യഥയും ജീവിതത്തിലുണ്ടായ നിന്ദയും എത്രയധികമായിരുന്നു എന്ന് നമുക്കറിയാം. എന്നാൽ തന്റെ ഭാരം ദൈവത്തിങ്കലേക്ക് സമർപ്പിച്ചു. അതോടൊപ്പം അവൾ ഒരു നേർച്ചയും കഴിച്ചു, ‘‘ജീവപര്യന്തം യഹോവയ്ക്ക് തന്റെ പൈതലിനെ സമർപ്പിക്കാമെന്നുള്ള നിശ്ചയം.’’ ആഗ്രഹിച്ചതിനെ ദൈവം കൊടുത്തു. നിന്ദിച്ചവരുടെ മധ്യത്തിൽ അവളെ മാനപാത്രമാക്കുകയും ചെയ്തു. എന്നാൽ അതല്ല ഇവിടെ വിഷയം. കുറിവാക്യത്തിൽ നാം കണ്ട പ്രാർത്ഥനയുടെ ഹൃദയവിശാലതയിലേക്ക് ഒന്നു കണ്ണോടിക്കുക എന്നതാണ് ഇന്നത്തെ നമ്മുടെ ചിന്ത. ലഭ്യമായതിനെ പൂർണ്ണമനസ്സോടെ തിരികെ ദൈവകരങ്ങളിൽ കൊടുക്കുന്നു.

തന്റെ പുത്രനെ യഹോവയിൽനിന്ന് അപേക്ഷിച്ചു വാങ്ങിയതാണെന്ന് അവൾ സമ്മതിക്കുന്നു. ഹന്നായുടെ ജീവിതത്തിലേക്ക് ഒരു നിമിഷം ഒന്നു കണ്ണോടിച്ചാൽ നമുക്ക് മനസ്സിലാക്കാം – ഒരു കുഞ്ഞിനെ താലോലിക്കാനും സ്നേഹത്തോടെ വളർത്തിയെടുക്കാനും ഒക്കെ എത്ര ആഗ്രഹത്തോടും ഉൽസാഹത്തോടും വർഷങ്ങൾ അവൾ കാത്തിരുന്നതാണ്. നാളുകളായി അവൾ കണ്ടിരുന്ന സ്വപ്നം ഇവിടെ സാഷാൽക്കരിക്കുന്നു. എന്നാൽ തന്റെ കുഞ്ഞിനെ ഒന്നു കണ്ട് കൊതി തീരും മുമ്പെ, ദൈവസന്നിധിയിൽ എടുത്ത തീരുമാനത്തെ അവൾ അക്ഷരംപ്രതി അനുസരിച്ചു. പ്രിയ ദൈവമക്കളെ, നാം പലപ്പോഴും പലതിനുവേണ്ടി പ്രാർത്ഥിച്ചും കരഞ്ഞും ദൈവത്തിൽ നിന്ന് പ്രാപിച്ചവരാണ്. ലഭിച്ചതിനു ശേഷം ഹൃദയപൂർവ്വം ദൈവത്തിന് ഒന്നു നന്ദി കരേറ്റാൻ സാധിച്ചിട്ടുണ്ടോ. ദൈവം ദാനമായി തന്ന സകലത്തെയും – ആരോഗ്യമാകട്ടെ, സമ്പത്താകട്ടെ, തലമുറകളാകട്ടെ, ജീവിത സാഹചര്യങ്ങളാകട്ടെ, എന്തു തന്നെയായാലും പൂർണ്ണമായി ദൈവേഷ്ടത്തിനായി അവന്റെ കരങ്ങളിൽ കൊടുക്കാമോ, തീർച്ചയായും ജീവിതത്തിന്റെ തന്നെ പ്രതിഛായ കർത്താവ് മാറ്റിയെഴുതും.

ഹന്നായുടെ പിന്നീടുള്ള ജീവിതത്തിൽ നമുക്ക് കാണാം അവൾ വർഷംതോറും യാഗം കഴിക്കാൻ ചെല്ലുമ്പോളായിരുന്നു ബാലനെ കാണുന്നത്. അവൾ നേർന്നതിനെ

സമ്മാനമായി തിരികെ ഏല്പിച്ചപ്പോൾ ദൈവം സമൃദ്ധിയായി അനുഗ്രഹിച്ചു. 1 ശമു.3:21 ൽ കാണുന്നു "യഹോവ ഹന്നയെ കടാക്ഷിച്ചു. അവൾ ഗർഭം ധരിച്ചു, മൂന്നു പുത്രന്മാരെയും രണ്ടു പുത്രിമാരെയും പ്രസവിച്ചു." എത്ര ശ്രേഷ്ഠകരവും ഭാഗ്യകരവുമായ ഒരു പദവിയിലേക്ക് ദൈവം അവളെ ഉയർത്തി. സമർപ്പിച്ച ബാലൻ യിസ്രായേൽ ജനതയുടെ അഭിഷക്തനായ പ്രവാചകനായും ദൈവം ഒരുക്കി.

അതേ, ജീവിതത്തിൽ ഒന്നും നാം നേടിയതല്ല ദൈവം ദാനമായി തന്നതാകുന്നു. അവയെ ജീവപര്യന്തം നന്ദിയോടെ ദൈവകരങ്ങളിൽ ഏൽപ്പിച്ചുകൊണ്ട് സ്തുതി സ്തോത്രനാദം അർപ്പിക്കാൻ കഴിയുമോ. ഇരട്ടി അനുഗ്രഹത്തോടെ, നന്മയോടെ കർത്താവ് നമ്മെ ജീവപര്യന്തം വഴി നടത്തും. നന്ദി കരേറ്റാൻ മറക്കരുത്, മടിക്കരുത്.

പരാമർശം :

കൊലൊസ്സ്യർ 3:17

വാക്കിനാലോ, ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിന്നു സ്തോത്രം പറഞ്ഞുംകൊണ്ടിരിപ്പിൻ.

സിസ്റ്റർ ബിന്ദു റെജി അയ്മനം 019